ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ഇത് കൂടാതെ വീണ്ടും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എസ്റ്റിമേറ്റ് സമർപ്പിച്ച എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി

263(3149) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർ ഗ്രേഡ്-2 തസ്തിക നിയമനവുമായി ബന്ധപ്പെട്ട് 1991 -ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരിക്കുന്നതിന് ഏതെങ്കിലും സർവ്വീസ് സംഘടനകളുടെയോ ജീവനക്കാരുടെ പ്രതിനിധികളുടെയോ അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) 1991-ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഠന റിപ്പോർട്ട് തൊഴിൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഒ. എ. 663/15 നമ്പർ കേസിലെ വിധി പ്രകാരം തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) അസിസ്റ്റന്റ് ലേബർ ഗ്രേഡ്-II തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്പെഷ്യൽ റൂൾ ഇപ്പോൾ ഭേദഗതി ചെയ്യേണ്ടതില്ല എന്ന ലേബർ കമ്മീഷണറുടെ ശിപാർശ അവഗണിച്ച് ഭേദഗതി നടപടികളുമായി മുന്നോട്ട് പോകുന്നതിൽ ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിട്ടുണ്ട്.

(ബി) ഇല്ല. എങ്കിലും ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ചകൾ നടത്തിയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് നൽകിയ ഹർജി തീർപ്പാക്കിക്കൊണ്ട് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം പരിഗണിക്കണമെന്നും നിയമാനുസൃതം ആവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അവരെ യഥാവിധി കേൾക്കണമെന്നും ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

താനൂർ ബദർപള്ളി പാലം

264(3150) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച താനൂർ ബദർപള്ളി പാലത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ബദർപള്ളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചു പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായ ശേഷമേ തുടർ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

ഗ്രീൻ ബിൽഡിംഗ് പോളിസി

265(3151) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly